# LM LPS

# ചേനാംകോട്

## എൽ പി തലം

## സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026



# ആമുഖം

2025-26 അക്കാദമിക വർഷം സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന്റെ ഭാഗമായി നമ്മുടെ വിദ്യാലയത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ച് വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ച് ക്ലാസ് അടിസ്ഥാനത്തിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കി. ക്ലാസ് തല മാസ്റ്റർ പ്ലാനിൽ നിന്നും സ്കൂൾ തല മാസ്റ്റർ പ്ലാൻ തയ്യാറാക്കി. വിദ്യാലയത്തിൽ എത്തുന്ന ഓരോ കുട്ടിയ്ക്കും സർവ്വതോന്മുഖമായ പുരോഗതി ലക്ഷ്യമാക്കികൊണ്ടുള്ള മാസ്റ്റർ പ്ലാൻ ആണ് തയ്യാറാക്കിയിരിക്കുന്നത്. ഈ അദ്ധ്യയന വർഷത്തിൽ കുട്ടി, രക്ഷിതാവ്, അധ്യാപകർ മറ്റു സഹായികൾ ഉൾപ്പെട്ടുകൊണ്ട് ഈ കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യത ഉള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കിക്കൊണ്ടുമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | എൽ.എം. എൽ.പി. സ്കൂൾ ചേനാംകോട് |
| മേൽവിലാസം | : | മുളമുക്ക്, ചെക്കക്കോണം പി.ഒ, കരകുളം<br>പിൻ – 695564 |
| ഫോൺ | : | 9497690416 |
| സ്കൂൾ കോഡ് | : | 42532 |
| വിദ്യാഭ്യാസ ഉപജില്ല | : | നെടുമങ്ങാട് |
| വിദ്യാഭ്യാസ ജില്ല | : | ആറ്റിങ്ങൽ |
| റവന്യൂ ജില്ല | : | തിരുവനന്തപുരം |
| ബി.ആർ.സി. നെടുമങ്ങാട് | : | കരകുളം |
| ബ്ലോക്ക് പഞ്ചായത്ത് | : | നെടുമങ്ങാട് |
| നിയമസഭാമണ്ഡലം | : | നെടുമങ്ങാട് |
| ലോകസഭാമണ്ഡലം | : | ആറ്റിങ്ങൽ |
| താലൂക്ക് | : | നെടുമങ്ങാട് |
| വില്ലേജ് | : | കരകുളം |
| ഇ–മെയിൽ വിലാസം | : | lmlpschenamcode@gmail.com |
| Facebook | : | lmpschenamcode |
| സ്കൂൾ വിക്കി | : | impschenamcode |

## പൊതു ലക്ഷ്യങ്ങൾ

- ക്ലാസ് നിലവാരത്തിന് അനുസരിച്ച് അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത ഉറപ്പുവരുത്തുക.
- സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് മികച്ച പഠനാനുഭവങ്ങൾ ഒരുക്കുക.
- എല്ലാ പ്രവർത്തനങ്ങളിലും പൊതു സമൂഹത്തിന്റെ പങ്കാളിത്തവും സഹായവും ഉറപ്പു വരുത്തുക.
- കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ ആരോഗ്യം ലക്ഷ്യം വച്ചുകൊണ്ട് പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ വളർത്തുന്നതിന് ആവശ്യമായ കൂടുതൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- ഭിന്നശേഷി കുട്ടികളുടെ പങ്കാളിത്വം ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ.
- രക്ഷിതാക്കളുടെ പങ്കാളിത്വത്തോടുകൂടി വായനയെ പരിപോഷിപ്പി ക്കുന്നതിനു വേണ്ടി ആകർഷകമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- വിവിധ ക്ലബുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കുക.

# അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

1) ഭാഷാശേഷി വികസനം
2) വായനാ പരിപോഷണം
3) സർഗാത്മകശേഷി വികാസത്തിനുള്ള വ്യത്യസ്ത പ്രവർത്തനങ്ങൾ
4) ദിനാചരണ പ്രവർത്തനങ്ങൾ പഠനാനുഭവങ്ങളുമായി ബന്ധപ്പെടുത്തി കാര്യക്ഷമമാക്കൽ
5) ഇംഗ്ലീഷ് പഠനം രസകരമാക്കൽ, ആശയവിനിമയശേഷി മെച്ചപ്പെടുത്തൽ
6) സ്കൂൾ പഠനം
7) ഗണിതശേഷി വികസനം
8) ക്ലബ് പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തൽ
9) ശാസ്ത്രബോധം വളർത്തൽ - ലഘുപരീക്ഷണങ്ങൾ, ലഘു പ്രോജക്റ്റുകൾ ഇവ നടപ്പിലാക്കൽ
10) ക്ലാസ് പി.ടി.എ യിൽ രക്ഷിതാക്കളുടെ പൂർണ്ണ പങ്കാളിത്തം
11) ശാസ്ത്ര - ഗണിതശാസ്ത്ര, പ്രവൃത്തി പരിചയ മേൾകൾക്ക് പരിശീലനം
12) അടുക്കളത്തോട്ട നിർമ്മാണം
13) ഫീൽഡ് ട്രിപ്പ്
14) സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം

# ഭാഷ

**മേഖല – അക്കാദമികം**
**ഉപമേഖല – ഭാഷ**
**ക്ലാസ് – 1**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | ❖ സന്നദ്ധതാ പ്രവർത്തനങ്ങൾ.<br>❖ ലിപികൾ തിരിച്ചറിഞ്ഞ് എഴുത്തും വായനയും<br>❖ കഥപറയാനുള്ള അവസരം ഒരുക്കൽ<br>❖ ഒന്നാം ക്ലാസിൽ ഉറപ്പിക്കേണ്ട അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനം<br>❖ സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ | ജൂൺ<br><br>ഒരു വർഷം | അധ്യാപകർ | |
| എല്ലാ കുട്ടികളെയും ക്ലാസ് നിലവാരത്തിനനുസരിച്ച് സ്വതന്ത്ര വായനക്കാർ ആക്കുക | ❖ 1-ാം ക്ലാസ് നിലവാരത്തിനനുസരിച്ച് വായന<br>❖ ചിത്രകഥകളും വായനാ കാർഡുകളും ഉൾപ്പെടുത്തി ക്ലാസ് ലൈബ്രറി ഒരുക്കൽ<br>❖ അമ്മ വായന<br>❖ ക്ലാസ് പി.ടി.എ-യിൽ വായിച്ചതും കേട്ടതുമായ കഥ അവതരിപ്പിക്കാനുള്ള അവസരം ഒരുക്കൽ.<br>❖ റീഡേഴ്സ് തീയേറ്റർ<br>❖ നിർമ്മാണ ശിൽപശാല<br>❖ രചനോത്സവങ്ങൾ<br>❖ വായനോത്സവം<br>❖ e-വായന പ്രോത്സാഹിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ<br>വിദ്യാരംഗം | |
| സർഗാത്മക ശേഷി വികസനം | ❖ വായിച്ചതും കേട്ടതുമായ കാര്യങ്ങളുടെ വ്യത്യസ്ത രൂപത്തിലുള്ള ആവിഷ്കാരം<br>❖ സ്വതന്ത്ര രചനകളെ പ്രോത്സാഹിപ്പിക്കുകയും ക്ലാസ് പി.ടി.എ-യിലും പൊതുവേദികളിലും പ്രദർശിപ്പിക്കൽ.<br>❖ ഭിന്ന നിലവാരക്കാരെ പരിഗണിച്ച് അവരവരുടെ അഭിരുചിക്കനുസരിച്ചുള്ള സർഗാത്മക പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ<br>❖ ദിനാചരണ പ്രവർത്തനം | ജൂലൈ മുതൽ മാർച്ച് വരെ | SRG<br>വിദ്യാരംഗം | |

| ക്ലാസ് – 2 മുതൽ 4 വരെ | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| ആശയ ഗ്രഹണ വായന ഉറപ്പാക്കൽ.<br>സ്വന്തം ഭാഷയിൽ ആശയങ്ങൾ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നതിനുള്ള സേഷി ഉറപ്പാക്കൽ | ❖അതാത് ക്ലാസ് നിലവാരത്തിനനുസരിച്ച് ആശയ വ്യക്തതയോടെ വായനാ സാമഗ്രികൾ വായിച്ച് അവതിരിപ്പിക്കൽ.<br>❖പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും, എഴുത്തിലൂടെയും വാചികമായും പ്രകടിപ്പിക്കൽ.<br>❖വായനാകുറിപ്പ്, അസ്വാദനകുറിപ്പ്, ഡയറി ഇവ ക്ലാസ് നിലവാരത്തിന് അനുസരിച്ച് തയ്യാറാക്കൽ.<br>❖ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ.(പിന്നോക്കക്കാരായ കുട്ടികളെ കണ്ടെത്തി മലയാളത്തിളക്കം, മധുരം മലയാളം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ പ്രത്യേക പരിശീലനം നൽകി കൊണ്ടുവരൽ.<br>❖വായനാ സാമഗ്രി തയ്യാറാക്കൽ.<br>❖ക്ലാസ് പി.ടി.എ-യിൽ കുട്ടികളുടെ സ്വതന്ത്ര രചനകൾ പരിചയപ്പെടുത്തൽ | ഒരു വർഷം | ഭാഷാ അധ്യാപകർ<br>SRG<br>PTA | PTA |
| വായന പരിപോഷണം | ❖ആകർഷകമായ രീതിയിൽ ക്ലാസ് ലൈബ്രറികൾ ഒരുക്കൽ.<br>❖സ്കൂൾ ലൈബ്രറി ശാക്തീകരണം<br>❖പുസ്തക പരിചയം<br>❖വായനാകുറിപ്പ്<br>❖ആസ്വാദനക്കുറിപ്പ്<br>❖പുസ്തക സംവാദം<br>❖ലൈബ്രറി സന്ദർശനം<br>❖അംഗത്വമെടുക്കൽ<br>❖ഒഴിവു സമയങ്ങളിൽ ICT -യിലൂടെ കഥ, കവിത പരിചയപ്പെടുത്തൽ.<br>❖സാമൂഹിക പങ്കളിത്വത്തോടെ പുസ്തക ശേഖരണം<br>❖വായനാമത്സരങ്ങൾ സംഘടിപ്പിക്കൽ.<br>❖പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ജൂൺ<br>ജൂൺ മുതൽ ഡിസംബർ വരെ<br>ഒരു വർഷക്കാലം<br>ജൂൺ ജൂലൈ<br>ഒരു വർഷ കാലം<br>ജൂലൈ | | |

| | | | | |
|---|---|---|---|---|
| | ❖കണ്ടറിയാം കേട്ടറിയാം<br>❖ഡോക്യുമെന്ററികൾ (ICT)<br>❖വായനാ ചങ്ങാത്തം- രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കൽ<br>❖പത്രവായന<br>❖അസംബ്ലിയിൽ പത്രവായന<br>❖സ്കൂൾ പത്രം തയ്യാറാക്കൽ<br>❖രചനോത്സവങ്ങൾ | | | |
| സർഗ്ഗശേഷി വികാസം | ❖രചനോത്സവങ്ങൾ<br>❖ഈണത്തിലും താളത്തിലും ഉള്ള കവിത ആവിഷ്കരണം<br>❖പാഠഭാഗവുമായി ബന്ധപ്പെട്ട ദൃശ്യാവിഷ്കാരം<br>❖വീഡിയോ ക്ലിപ്പുകളുടെ പ്രദർശനം<br>❖സാഹിത്യകാരന്മാരുടെ ഓർമ്മ ദിനങ്ങൾ ആചരിക്കൽ<br>❖പ്രദേശവാസികളായ കലാകാരന്മാരുടെ സഹായം ഉറപ്പാക്കൽ.<br>❖സർഗോത്സവം സംഘടിപ്പിക്കൽ<br>❖കുട്ടികളുടെ സർഗ്ഗശേഷി അവതരണത്തിനുള്ള വേദി ഒരുക്കൽ, രക്ഷിതാക്കളുടെ പങ്കാളിത്തവും, പ്രാദേശിക ഉത്സവങ്ങൾ, കലാരൂപങ്ങൾ ഇവയെക്കുറിച്ച് കൂടുതൽ അറിവുകൾ ശേഖരിക്കൽ.<br>❖പതിപ്പ് നിർമ്മാണം.<br>❖കഥപറച്ചിൽ, കവിതാലാപനം, മത്സരങ്ങൾ സംഘടിപ്പിക്കൽ.<br>❖വായിച്ചതും കേട്ടതുമായ കാര്യങ്ങളുടെ വ്യത്യസ്ത വ്യവഹാരരൂപങ്ങളിലേയ്ക്കുള്ള ആവിഷ്കാരം. | ജൂലൈ മുതൽ ഫെബ്രുവരി വരെ | SGR വിദ്യാരംഗം ക്ലബുകൾ | PTA |

**മേഖല – ഇംഗ്ലീഷ്**
**ക്ലാസ് – 1**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ❖ ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കാനുള്ള അവസരമൊരുക്കൽ<br>❖ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് പ്രതികരിക്കാനുള്ള ശേഷി<br>❖ കൂടുതൽ ഇംഗ്ലീഷ് പദങ്ങൾ കേൾക്കുവാനും പറയുവാനുമുള്ള അവസരം<br>❖ ഏതെങ്കിലും ഒരു വസ്തുവിനെ കുറിച്ച് ചെറിയ വാക്യങ്ങളിൽ പറയുവാനും എഴുതുവാനും അവസരം ഒരുക്കൽ | ❖ കാർട്ടൂൺ പ്രദർശനം<br>❖ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ചിത്രങ്ങളുടെ സഹായത്തോടെ കൂടുതൽ പദങ്ങൾ പരിചയപ്പെടൽ<br>❖ വിവിധ പദകേളികൾ<br>Eg: Puzzle<br>Word Web<br>❖ Games<br>❖ Picture Description<br>❖ Self Introduction<br>❖ Riddles<br>❖ Reading lards<br>❖ Games<br>❖ New words<br>❖ Say, Read and write familiar words | ജൂൺ<br>ജൂൺ മുതൽ മാർച്ച് വരെ<br>1 വർഷ കാലം | | |
| ❖ ഈണത്തിലും താളത്തിലും അഭിനയ ഗാനങ്ങൾ ആസ്വദിക്കുന്നതിനും അവതരിപ്പിക്കുന്നതിനുമുള്ള അവസരം | ❖ ചെറിയ പാട്ടുകൾ കാണുവാനും കേൾക്കുവാനും അവസരം ഒരുക്കൽ | 1 വർഷ കാലം | | |
| ❖ കഥ പറച്ചിൽ | ❖ കഥ കേൾക്കാനുള്ള അവസരം<br>❖ കഥ പറയുവാനുള്ള അവസരം (ICT)<br>❖ English Assembly | 1 വർഷ കാലം മാസത്തിൽ ഒരു ദിവസം | English Teachers SRG | |

| Class 2 to 4 | ❖ | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| ❖ ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കാനുള്ള അവസരം | ❖ കാർട്ടൂൺ പ്രദർശനം<br>❖ റീഡിംഗ് കാർഡ്സ്<br>❖ കുട്ടികളുടെ നിലവാരത്തിന് അനുസരിച്ചുള്ള സംഭാഷണങ്ങൾ ICT സാധ്യതയോടെ കേൾക്കാനുള്ള അവസരം | | ടീച്ചർ | |
| ❖ എല്ലാ കുട്ടികൾക്കും ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് സംസാരിക്കുന്നതിനുള്ള അവസരം ഒരുക്കൽ | ❖ Let's talk<br>❖ ഇംഗ്ലീഷ് ബാലസഭ<br>❖ ഇംഗ്ലീഷ് അസംബ്ലി<br>❖ 1 Day English | രണ്ട് മാസത്തിൽ ഒന്ന് | ടീച്ചർ<br>SRG | |
| ❖ വായനാ പരിപോഷണം | | | | |
| ❖ എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം | ❖ ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി<br>❖ മാറി മാറി ഓരോ ക്ലാസിനും ചുമതല<br>❖ ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ | ആഴ്ചയിൽ ഒരു ദിവസം<br><br>എല്ലാ ക്ലാസ്സും | ഇംഗ്ലീഷ് ടീച്ചർ, ക്ലാസ് ടീച്ചേഴ്സ്<br><br>ഇംഗ്ലീഷ് ടീച്ചർ | |
| ❖ ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം | ❖ ഇംഗ്ലീഷ് കഥ, കവിത രചന, ഉത്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ, ഇംഗ്ലീഷ് ഡിക്ഷ്ണറി രൂപീകരിക്കൽ,<br>❖ ഇംഗ്ലീഷ് ഗെയിംസ്,<br>❖ ഇംഗ്ലീഷ് പസിൽസ് | 1 വർഷം | ഇംഗ്ലീഷ് ടീച്ചർ | PTA |
| ❖ ഇംഗ്ലീഷ് വായന പരിപോഷിപ്പിക്കൽ | ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ വായന, വായനാ കാർഡ് വായന | 1 വർഷം | ഇംഗ്ലീഷ് ടീച്ചർ | |
| ❖ കുട്ടികളുടെ രചനകൾ സമൂഹത്തിലേക്ക് | രചനകളുടെ വീഡിയോ തയ്യാറാക്കി മീഡിയയിൽ ഷെയർ ചെയ്യൽ | പ്രതി മാസം | ഇംഗ്ലീഷ് ടീച്ചർ | |

**മേഖല – അക്കാദമികം**
**ഉപമേഖല – അറബിക്**
**ക്ലാസ് –** I to IV

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| തെറ്റ് കൂടാതെ വായിക്കാനുള്ള കഴിവുണ്ടാക്കുന്നു | ❖ അക്ഷരവായന<br>❖ ക്ലാസ് വായന<br>❖ ലൈബ്രറി വായന<br>❖ ചിത്ര വായന<br>❖ മാഗസിൻ വായന<br>❖ വീടുവായന<br>❖ കഥാ വായന<br>❖ വായനാമത്സരങ്ങൾ<br>❖ മോണിറ്ററിംഗ്<br>❖ വാക്യങ്ങൾ ഉറപ്പിക്കൽ<br>❖ വ്യാകരണങ്ങൾ<br>❖ ഇ-വായന | I-II<br>I-II<br>III-IV<br>I-IV<br>III-IV<br>I-IV<br>III-IV<br>II-III-IV<br>I-IV<br>III-IV<br>I-IV | ജൂൺ-ജൂലൈ<br>ജൂൺ-ഫെബ്രുവരി<br>നവംബർ-ഡിസംബർ<br>ജൂൺ- മാർച്ച്<br>ജൂൺ- മാർച്ച്<br>ജൂൺ- മാർച്ച് | അധ്യാപകർ | അധ്യാപകർ<br>PTA<br>SRG |
| അറബി ഭാഷ സംസാരിക്കുന്നതിന് ആത്മ വിശ്വാസം ഉണ്ടാക്കുന്നതിന് | ❖ ഇ-ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുന്നു.<br>❖ ലാംഗ്വേജ് ഗെയിംസ്<br>❖ റോൾ പ്ലേ<br>❖ ക്ലാസ് സംഭാഷണം<br>❖ കാർട്ടൂൺ<br>❖ പ്രദർശനം<br>❖ പദസമ്പത്ത് വർദ്ധിപ്പിക്കൽ<br>❖ ഡ്രമാറ്റൈസേഷൻ | I-IV<br>I-IV<br>I-IV<br>III-IV<br>I-IV | ജൂലൈ- മാർച്ച്<br>ജൂലൈ- മാർച്ച്<br>ആഗസ്റ്റ് - ഫെബ്രുവരി | അധ്യാപകർ | അധ്യാപകർ<br>PTA |
| അറബി ഭാഷാ എഴുത്തിന്റെ പരിപോഷണം | ❖ അക്ഷരങ്ങൾ ഉറപ്പിക്കൽ<br>❖ പദങ്ങൾ ഉറപ്പിക്കൽ<br>❖ ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>❖ കൂട്ടി എഴുത്ത്<br>❖ അക്ഷരക്കാർഡ് നിർമ്മാണം<br>❖ കൈയ്യെഴുത്ത് മാസിക<br>❖ ചുമർ പത്രിക നിർമ്മാണം<br>❖ ചാർട്ടെഴുത്ത്<br>❖ ചിത്രകഥ നിർമ്മിക്കൽ<br>**<u>Translation</u>**<br>– Malayalam to Arabic<br>– Arabic to Malayalam<br>– Arabic to English<br>– English to Arabic | III-IV<br>I-II<br>I-II<br>I-II<br>I-II<br>I-II<br>III-IV<br>III-IV<br>II-III-IV<br>II-III-IV<br>I-IV | ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ഡിസംബർ<br>സപ്തംബർ-മാർച്ച്<br>ഒക്ടോബർ - ഫെബ്രുവരി<br>ജൂൺ-മാർച്ച് | അധ്യാപകർ | അധ്യാപകർ<br>PTA |

**മേഖല – പരിസര പഠനം**
**ക്ലാസ് – 1**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ❖ ആഹാരശീലങ്ങളും ഭക്ഷണവസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്. ശരിയായ ആരോഗ്യ ശുചിത്വ ശീലങ്ങൾ സൃഷ്ടിക്കൽ | ❖ സന്നദ്ധത പ്രവർത്തനങ്ങൾ<br>❖ വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണം<br>❖ പരിസ്ഥിതി ദിനാചരണ പ്രവർത്തനങ്ങൾ<br>❖ ശരിയായ ഭക്ഷണശീലങ്ങൾ<br>❖ ബോധവൽക്കരണം<br>❖ പോസ്റ്റർ നിർമ്മാണം<br>❖ Picture Description<br>❖ Self Introduction<br>❖ Riddles<br>❖ Reading lards<br>❖ Games<br>❖ New words<br>❖ Say, Read and write familiar words | | | |

**മേഖല – പരിസര പഠനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെക്കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം | സസ്യങ്ങളെ തരംതിരിക്കൽ<br><br>പ്രകൃതി നടത്തം – (പാടം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം) | ജൂൺ, ജൂലൈ | അധ്യാപകൻ | ഇല്ല |
| പ്രകൃതി സംരക്ഷണം | ❖ മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക<br>❖ മഴക്കുഴി നിർമ്മാണം<br>❖ വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമ്മസേനയ്ക്ക് കൈമാറൽ | ആഗസ്റ്റ് – സെപ്റ്റംബർ | ▪അധ്യാപകൻ<br>▪പി.ടി.എ<br>▪ഹരിതകർമ്മ സേന | പി.ടി.എ |
| വ്യക്തി ശുചിത്വം | ❖ കൈ കഴുകൽ – പരിശീലനം<br>❖ പോസ്റ്റർ നിർമ്മാണം<br>❖ ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്റ്റംബർ – ഒക്ടോബർ | ▪ജ.ആർ.സി യൂണിറ്റ്<br><br>▪അധ്യാപകൻ<br>▪കുട്ടികൾ | പി.ടി.എ<br><br>ഇല്ല |

| മേഖല – ഇ.വി.എസ് | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| ❖ ശാസ്ത്ര സാമൂഹ്യ ശാസ്ത്ര അറിവുകൾ ശേഖരിക്കൽ, കണ്ടെത്തൽ | ചുറ്റുപാടിലെ പലതരം സസ്യങ്ങൾ, പക്ഷികൾ, മൃഗങ്ങൾ ഇവയെ കണ്ടെത്തി പട്ടികപ്പെടുത്തൽ | 6 മാസം | എസ്.എസ് ടീച്ചർ | |
| ❖ ഔഷധസസ്യ പരിചയപ്പെടൽ | ❖ കുട്ടികൾ ഔഷധസസ്യം കവറിൽ നട്ട് സ്കൂളിൽ ഔഷധ സസ്യതോട്ടം നിർമ്മിക്കൽ<br>❖ പതിപ്പ് രൂപീകരണം | 1 വർഷം | എസ് എസ് ടീച്ചർ | |
| ❖ പഠനയാത്രയിലൂടെ കൂടുതൽ കണ്ടും കേട്ടും മനസ്സിലാക്കൽ | ❖ ചരിത്രസ്മാരകങ്ങൾ, പ്രാധാന്യമുള്ള സ്ഥലങ്ങളിൽ പഠനയാത്രകൾ | വർഷത്തിൽ 1 തവണ | ടീച്ചേഴ്സ് | പി.ടി.എ |
| ❖ ശാസ്ത്രമൂല ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കൽ | ❖ ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ<br>❖ ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ<br>❖ ശാസ്ത്ര മാസികകൾ, പതിപ്പുകളുടെ നിർമ്മാണം | | | |
| ❖ ഭൂപടം ഒരുക്കൽ | ❖ ഭൂപട വായന<br>❖ ഭൂപട രചന<br>❖ സൂചിക നിർമ്മാണം<br>❖ ദിക്കു തിരിച്ചറിയൽ | | | |

**മേഖല – ഗണിതം**
**ക്ലാസ് – 1**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ❖ കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | ❖ ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം<br>❖ ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ പ്രവർത്തനം | ജൂൺ | | |
| ❖ ഒന്ന് മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു | ❖ സംഖ്യകൾ തിരിച്ചറിയുന്നു പറയുന്നു<br>❖ സംഖ്യാ കാർഡ് നിർമ്മിക്കൽ<br>❖ സംഖ്യാ ഗാനങ്ങൾ ആസ്വദിച്ച് സംഖ്യകൾ തിരിച്ചറിയൽ | ജൂലൈ | | |
| ❖ ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു എഴുതുന്നു വായിക്കുന്നു | ❖ ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടൽ<br>❖ ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ<br>❖ ഒറ്റസംഖ്യ ഇരട്ടസംഖ്യ തിരിച്ചറിയൽ | | | |
| **ക്ലാസ് 2 മുതൽ 4 വരെ** | | | | |
| ചതുരം, വൃത്തം,ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ച് ധാരണ നൽകുന്നു | പ്രീടെസ്റ്റ് | ജൂൺ | അധ്യാപകൻ | PTA |
| | ഈർക്കിലകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമ്മിക്കുന്നു | ജൂൺ, ജൂലൈ | അധ്യാപകൻ, സി.പി.ടി.എ | ഇല്ല |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു | സംഖ്യാപാറ്റേണുകൾ | ആഗസ്റ്റ് | അധ്യാപകൻ | ഇല്ല |
| | ❖ നാണയങ്ങൾ, കളിനോട്ടുകൾ<br>❖ പാറ്റേണുകൾ (ഗണിത ക്ലബ്ബ്) | ആഗസ്റ്റ് | അധ്യാപകൻ, കുട്ടികൾ | സി.പി.ടി.എ |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| സങ്കലന-വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | ❖ മനഃകണക്കുകൾ<br>❖ നിത്യജീവിതവുമയി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഒക്ടോബർ-നവംബർ | അധ്യാപകൻ കുട്ടികൾ | ഇല്ല |
| ഗുണന വസ്തുതകൾ നേടൽ | ❖ മനഃകണക്കുകൾ<br>❖ മഞ്ചാടിക്കളി | ഡിസംബർ - ജനുവരി | അധ്യാപകൻ, കുട്ടികൾ, സി.പി.ടി.എ | ഇല്ല |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | ❖ നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>❖ ഐ.സി.ടി വിഭവങ്ങൾ ഉപയോഗിച്ച് | ഫെബ്രുവരി -മാർച്ച് | അധ്യാപകൻ കുട്ടികൾ | ഇല്ല |